iLovePDF

# മലയാളം

# എന്റെ നോട്ട് ബുക്ക്



## വെണ്ണക്കണ്ണൻ




Govt.L.P.School Olassa

iLovePDF

# അർഥം എഴുതുക

അഞ്ചിതം - മനോഹരം

ആഗമിക്കുക - വരിക

ആർത്തൻ - ദുഃഖിതൻ

ആനനം - മുഖം

ഏറ്റം - അധികം

കാകൻ - കാക്ക

കേഴുക - കരയുക

കൈതവം - കള്ളം

ചൊല്ലുക - പറയുക

പയ്യവേ - മെല്ലെ

തിങ്കൾ - ചന്ദ്രൻ

ത്വിട്ട് - ഭംഗി(വെൺമ)

പാലിക്കുക - രക്ഷിക്കുക

പൈതൽ - കുഞ്ഞ്

സ്നാനം - കുളി

Govt.L.P.School Olassa

iLovePDF

# സമാനപദങ്ങൾ എഴുതുക

- നിലാവ് - ചന്ദ്രിക , കൗമുദി , ജ്യോത്സ് ന,
- പുഞ്ചിരി - മന്ദഹാസം , സ് മിതം , സ് മേരം
- കൈ - കരം , പാണി , ഹസ് തം
- കാക്ക - കാകൻ , വായസം ,ബലിഭുക്ക്
- കള്ളൻ - തസ് കരൻ , മോഷ്ടാവ് , ചോരൻ
- ചന്ദ്രൻ - തിങ്കൾ , ഇന്ദു , സോമൻ
- വെണ്ണ - നവനീതം , ദധിസാരം , ശിശുപ്രിയം
- അമ്മ - മാതാവ് , ജനനി , തായ
- പാൽ - ക്ഷീരം , പയസ് , ദുഗ്ധം
- മുഖം - ആനനം , ആസ്യം ,വദനം

iLovePDF

# പിരിച്ചെഴുതുക

- ഇങ്ങനെയുള്ള = ഇങ്ങനെ + ഉള്ള
- ചൊല്ലിത്തൻ = ചൊല്ലി + തൻ
- കോമളച്ചുണ്ട് = കോമള + ച്ചുണ്ട്
- കേഴുമല്ലോ = കേഴും + അല്ലോ
- കേട്ടവളേറ്റം = കേട്ട് + അവൾ + ഏറ്റം

Govt.L.P.School Olassa

iLovePDF

# അടിവരയിട്ട് പദത്തിനു പകരം അതേ അർഥമുള്ള മറ്റൊരു പദം ചേർത്ത് എഴുതുക

- കോമളച്ചുണ്ട് പിളർക്കുന്നേരം

  ഭംഗിയുള്ള ചുണ്ട് പിളർക്കുന്നേരം
- ആർത്തനായ് നിന്ന് ഞാൻ

  ദുഃഖിതനായി നിന്ന് ഞാൻ
- കള്ളനായുള്ള കാകൻ

  കള്ളനായുള്ള കാക്ക
- വെണ്ണിലാവോലുന്ന തിങ്കൾ

  വെണ്ണിലാവോലുന്ന ചന്ദ്രൻ
- ആർത്തനായ് നിന്നു ഞാൻ കേഴുംപോലെ

  ആർത്തനായ് നിന്നു ഞാൻ കരയുംപോലെ

Govt.L.P.School Olassa

iLovePDF

## മാതൃകപോലെ മാറ്റിയെഴുതാം

ആഗമിപ്പോളവ്വും - ആഗമിക്കുന്നതുവരെ

ഏതുമേ താരാതെ - ഒന്നും തരാതെ

കേഴംപോലെ - കരയുംപോലെ

# പ്രാചീന കവിത്രയം

മലയാള ഭാഷയുടെ ആദ്യകാലത്തെ പ്രധാന മൂന്നു കവികളെ ചേർത്താണ് പ്രാചീന കവിത്രയം എന്നുപറയുന്നത്.

എഴുത്തച്ഛൻ , ചെറുശ്ശേരി , കുഞ്ചൻനമ്പ്യാർ

എന്നിവരാണ് പ്രാചീന കവിത്രയം .



Govt.L.P.School Olassa

iLovePDF

# ചോദ്യങ്ങളും ഉത്തരങ്ങളും

- 1. 'വെണ്ണക്കണ്ണൻ ' എന്ന കാവ്യഭാഗം ഏത് കൃതിയിലേതാണ് ?

  കൃഷ്ണഗാഥ .

- 2. കൃഷ്ണഗാഥ രചിച്ചത് ആരാണ് ?

  ചെറുശ്ശേരി .

- 3 കളികഴിഞ്ഞു വരുന്നതു വരെ താൻ എന്തു ചെയ്തു എന്നാണ് കണ്ണൻ പറയുന്നത് ?

  വെണ്ണ കാത്തുസൂക്ഷിച്ചു .

- 4. എനിക്ക് വെണ്ണ തരാതെ എങ്ങോട്ടാണ് പോകുന്നത് എന്ന് കണ്ണൻ ചോദിച്ചപ്പോൾ അമ്മ എന്താണ് ചെയ്തത് ?

  കണ്ണന്റെ ഒരു കൈയിൽ വെണ്ണ വച്ചുകൊടുത്തു .

- 5. ഒരു കൈയിൽ അമ്മ വെണ്ണ നൽകിയപ്പോൾ വെണ്ണിലാവു പോലെ ചിരിച്ചുകൊണ്ട് കണ്ണൻ പറഞ്ഞതെന്ത് ?

  മൂത്തവന്റെ കൈയിൽ വെണ്ണ നൽകിയാൽ ഇളയവനായ ഞാൻ കരയുന്നതു പോലെ ഒരു കൈയിൽ മാത്രം വെണ്ണ വച്ചാൽ മറ്റേ കൈ കരയും എന്നാണ് കണ്ണൻ പറഞ്ഞത്

iLovePDF

- 6. വെണ്ണ ലഭിക്കാൻ കണ്ണൻ എന്തൊക്കെ ന്യായങ്ങളാണ് അമ്മയോട് പറയുന്നത് ?

അമ്മ കുളിച്ചുവരുന്നതുവരെ പാൽ വെണ്ണ കാത്തുസൂക്ഷിച്ചു . ഒരു കൈയിൽ മാത്രം വെണ്ണവയ്ക്കുമ്പോൾ മറ്റേ കൈ സങ്കടപ്പെട്ടു , വെണ്ണ കാക്ക കൊണ്ടുപോയി എന്നീ ന്യായങ്ങളാണ് വെണ്ണ ലഭിക്കാൻ കണ്ണൻ അമ്മയോട് പറയുന്നത് .

- 7. വെണ്ണ കിട്ടിയപ്പോൾ കണ്ണൻ എന്താണ് ചെയ്തത് ?

ഒരു കൈയിൽ വെണ്ണ കിട്ടിയപ്പോൾ മറ്റേ കൈയിലും വെണ്ണ വേണമെന്നു പറഞ്ഞു . അമ്മ വെണ്ണയെടുക്കാനായി തിരിഞ്ഞപ്പോൾ കൈയിലിരുന്ന വെണ്ണ വായിലിട്ട് കാക്ക കൊണ്ടുപോയി എന്നു പറഞ്ഞു .

- 8. " വെണ്ണിലാവോലുന്ന തിങ്കൾ പോലെ ' കണ്ണന്റെ മുഖം തിളങ്ങാൻ കാരണമെന്ത് ?

വെണ്ണക്കൊതിയനായ കണ്ണന് അമ്മ രണ്ടു കൈയിലും വെണ്ണ നൽകിയപ്പോൾ ആ സന്തോഷംകൊണ്ട് " വെണ്ണിലാവോലുന്ന തിങ്കൾ പോലെ ' കണ്ണന്റെ മുഖം തിളങ്ങി .

iLovePDF



# വരികൾ കണ്ടെത്താം

- കൈയിലെ വെണ്ണ കാക്ക കൊണ്ടു പോയി .

“കള്ളനായുള്ളൊരു കാകൻതാൻ വന്നിട്ടെൻ
കൈയിലേ വെണ്ണയെക്കൊണ്ടുപോയി”

- കണ്ണൻ കള്ളം പറഞ്ഞിട്ടും അമ്മ വീണ്ടും വെണ്ണ നൽകുന്നു

വൈകാതവെണ്ണമക്കൈതവപ്പൈതൽതൻ-
കൈകളിൽ രണ്ടിലും വെണ്ണ വച്ചാൾ.

Govt.L.P.School Olassa

iLovePDF

10 " വെണ്ണയെക്കണ്ടൊരുകണ്ണന്തന്നാനനം
വെണ്ണിലാവഞ്ചിച്ചിരിച്ചു ചൊന്നാൻ "

- ഇതുപോലെ അക്ഷരങ്ങൾ ആവർത്തിക്കുന്ന വരികൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതുക "

- 'വെണ്ണയെക്കണ്ടൊരു കണ്ണന്തന്നാനനം
  വെണ്ണിലാവോലുന്ന തിങ്കൾ പോലെ'
- 'ഉണ്ണിക്കൈതന്നിലേ വച്ചുനിന്നീടിനാൾ
  വെണ്ണതാൻ കൊണ്ടുപോന്നമ്മയപ്പോൾ'
- 'വൈകാതവണ്ണമക്കൈതവപ്പൈതൽതൻ-
  കൈകളിൽ രണ്ടിലും വെണ്ണ വച്ചാൾ'
- പുഞ്ചിരിത്തൂമകൊണ്ടഞ്ചിതമാകയാൽ
  ചെഞ്ചെമ്മേ നിന്നു വിളങ്ങീതപ്പോൾ

Govt.L.P.School Olassa

iLovePDF

# കവി പരിചയം

## ചെറുശ്ശേരി

പ്രാചീന കവിത്രയത്തിൽ ഉൾപ്പെടുന്ന ചെറുശ്ശേരിയുടെ ജീവിതകാലം 1475 നും 1575 നും ഇടയിലാണെന്ന് കരുതപ്പെടുന്നു (കൊല്ലവർഷം 650 നും 750 നും മധ്യേ). ഉത്തര കേരളത്തിൽ കാനത്തൂർ ഗ്രാമത്തിലെ ചെറുശ്ശേരി ഇല്ലത്തു ജനിച്ചു എന്നാണ് വിശ്വാസം. കോലത്തുനാട്ടിലെ ഉദയവർമരാജാവിന്റെ സദസ്യനായിരുന്നു. രാജാവിന്റെ ആജ്ഞപ്രകാരം എഴുതിയതാണ് കൃഷ്ണഗാഥ. കൃഷ്ണപ്പാട്ട് എന്നും ഈ കൃതിക്ക് പേരുണ്ട്.